# മത്സര പരിണാമം

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, ***Ph.D., D.Sc.***)

ധർമ്മസ്ഥാന പരിസമാപ്തി
തകർക്കും മദമത്സരഘോഷം
ലോകസ്ഥാപന ശൃംഗത്തിൽ
നൂറു മീറ്ററോട്ടപ്പന്തയം —
ഇഴയും ശിശുവിനു ഒരു മീറ്റർ,
വികലാംഗനു മുപ്പതു വരും,
ബാലകൌമാരർക്കമ്പതും,
അബലയ്ക്കമ്പത്തഞ്ചും,
ചൂഷിതമർദ്ദിതർക്കറുപത്തെട്ടും.

അതുകൊണ്ടല്ലയോ
പന്തിതിരിച്ചു
പന്തുകളിമത്സരം
ഘോഷിക്കുന്നതും,
വികലാംഗർക്കൊളിംബിക്സും
ശിശുദിന മിട്ടായിവിതരണവും
തലച്ചോറുസ്വേദകർക്കു
തലയെണ്ണി സ്ഥാനവും
രാജ്ഞിഭാഷയ്ക്കു ബുക്കറും
ജാതിത്തിരിയ്ക്കാ മഹിമയ്ക്കു
വിശിഷ്ട പുരസ്ക്കാര സമർപ്പണവും!
*************************************************************